# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7631 23/07/2012 ൽ മറുപടിക്ക്

### സൂപ്പർന്യൂമററി തസ്തികകൾ

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) 2011 ഒക്ടോബർ 21-ലെ ഉദ്യോഗ സ്ഥഭരണപരിഷ്കാര വകുപ്പിന്റെ സർക്കുലർ പ്രകാരവും ധനവകുപ്പിന്റെ 22.03.2012-ലെ സർക്കുലർ പ്രകാരവും ധനവകുപ്പിന്റെ 22.03.2012-ലെ സർക്കാർ ഉത്തരവു പ്രകാരവും 2011-ൽ സൂപ്പർ ന്യൂമററി തസ്തികകൾ എൻട്രി കേഡറിൽ സൃഷ്ടിക്കപ്പെട്ട് പി.എസ്.സി.യെ അറിയിച്ചതായും വ്യക്തമാക്കുന്നു. ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പെൻഷൻ പ്രായം 56 ആക്കി വർദ്ധിപ്പിച്ചതിനെ തുടർന്ന് 2012-13 സാമ്പത്തിക വർഷത്തിനുള്ളിൽ കാലാവധി അവസാനിക്കുന്ന എല്ലാ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾക്കും ഇതുമൂലം ഒഴിവുകൾ ലഭിക്കാതെ വരുന്നത് വസ്തുതയാണെന്നിരിക്കെ പെൻഷൻപ്രായം വർദ്ധിപ്പിച്ചതുമൂലമുണ്ടാകുന്ന റാങ്ക് ലിസ്റ്റുകൾക്കുള്ള നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി)യും (സി)യും സർക്കാർ ശിപാർശ പ്രകാരം 30.4.2012-ൽ നിലവിലുള്ളതും 30.3.2013 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി റാങ്ക് ലിസ്റ്റിന് നാലര വർഷം പൂർത്തിയാകുന്ന മുറയ്ക്കോ, പ്രസ്തുത തസ്തികയിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തിയതി മുറയ്ക്കോ അവസാനിക്കുന്നതാണ് എന്നീ നിബന്ധനകളോടെ 31.3.2013 വരെ പി.എസ്.സി. ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ നിയമനങ്ങൾ ത്വരിതപ്പെടുത്താൻ 2013 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളുടെ വിവരം പി.എസ്.സി.യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | |

സെക്ഷൻ ഓഫീസർ